# സഹയാത്രിക
വാർത്താപത്രിക

സെപ്തംബർ 2021 | ജ്യോതി ജീവപൂർണ്ണാ ട്രസ്റ്റ് അർച്ചന വിമൻസ് സെന്റർ | VOL 1 ISSUE 4 PAGES 4

## അർച്ചനയുടെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ മാതൃകാപരം : മാർ ജോസഫ് പെരുന്തോട്ടം

ഏറ്റുമാനൂർ : ഒബ്ലേറ്റ് മിഷനറീസ് ഓഫ് മേരി ഇമാക്കുലേറ്റിന്റെ സാമൂഹിക ക്ഷേമ വിഭാഗമായ അർച്ചന വിമൻസ് സെന്ററിന്റെ നേതൃത്വത്തിൽ അതിജീവനം 2021 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ചങ്ങനാശേരി അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം നിർവ്വഹിക്കുകയും അർച്ചനയുടെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ സമൂഹത്തിന് മാതൃകാപരം എന്ന് പറയുകയും ചെയ്തു. ഗൂഗിൾ പ്ലാറ്റ്ഫോമിലൂടെ സംഘടിപ്പിച്ച ഉദ്ഘാടന പരിപാടിയിൽ സെന്റർ ഡയറക്ടർ മിസ് ത്രേസ്യാമ്മ മാത്യു അദ്ധ്യക്ഷത വഹിച്ചു. സെന്റർ അസി. ഡയറക്ടർ മിസ് ആനി ജോസഫ് ആശംസ നേർന്നു. അതിജീവനം 2021 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെപദ്ധതിവിശദീകരണംപ്രോജക്ട്മാനേജർ പോൾസൺ കൊട്ടാരത്തിൽ നിർവ്വഹിച്ചു. സീനിയർ പ്രോഗ്രാം ഓഫീസർ ഷൈനി ജോഷി, റീജിയൺ ലീഡർ റ്റിനു ഫ്രാൻസീസ്, കമ്മ്യൂണിറ്റി ഓർഗനൈസർമാരായ ഷീല കെ എസ്, അമല മാത്യു തുടങ്ങിയവർ പ്രസംഗിച്ചു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി 25 പഞ്ചായത്തുകളിൽ അർച്ചന കോവിഡ് വാരിയേഴ്സ് ടീം, ഹെൽപ്പ്ഡസ്ക്ക്, ഡിസ്ഇൻഫക്ഷൻ ടീം, കൗൺസിലിംഗ് സേവനം, പൾസ് ഓക്സി മീറ്റർ വിതരണം, സന്നദ്ധ രക്തദാന ക്യാമ്പ്, വനിതകൾക്കായി ഹൈടെക്ക് കോഴിഗ്രാമം പദ്ധതി, ജൈവ കൃഷി പ്രോത്സാഹനം, എമർജെൻസി മെഡിക്കൽ കിറ്റ് വിതരണം, ഫുഡ് കിറ്റ് വിതരണം, കോവിഡ് പ്രൊട്ടക്ഷൻ കിറ്റ് നിർമ്മാണപരിശീലനം, കോവിഡ് ബോധവത്കരണ പരിപാടികൾ തുടങ്ങിയവ നടപ്പിലാക്കുന്നു. പ്രസ്തുത പരിപാടികൾക്ക് മിസ് മറിയാമ്മ ജോസഫ്, പി. കെ ജയശ്രി, ജെയിനമ്മ സെബാസ്റ്റ്യൻ, സി. അജീഷ , അശ്വതി വിജയൻ, ആര്യ ഷിനു , ശ്രുതി മോൾ വി എസ്, സതീഷ് കുമാർ, ജസ്റ്റിൻ തോമസ്, ജിബിൻ ജോഷി, ജോയിസ് മാത്യു, പ്രതിഭ ആർ, ഡയാനാമോൾ ദേവസ്യാ തുടങ്ങിയവർ നേതൃത്വം കൊടുത്തു.



## പേപ്പർ കവർ നിർമ്മാണ പരിശീലനം



കടുത്തുരുത്തി: അർച്ചന വിമൻസ് സെന്ററിന്റെ നേതൃത്വത്തിൽ പിറവം യൂണിറ്റ് ഓഫീസിന്റെ പ്രവർത്തനത്തിന്റെ ഭാഗമായി ഓൺലൈൻ പേപ്പർ കവർ നിർമാണപരിശീലനം നൽകി. അർച്ചന വിമൻസ് സെന്റർ സീനിയർ പ്രോഗ്രാം ഓഫീസർ ശ്രീമതി ഷൈനി ജോഷി ഉദ്ഘാടന പ്രസംഗം നടത്തി . പ്രസ്തുത യോഗത്തിൽ റീജിയൻ ലീഡർ ശ്രീമതി സന്ധ്യാ റെജി സി എ ജി അംഗംങ്ങൾക്ക് പേപ്പർ കവർ നിർമാണപരിശീലനം നൽകി.

## അർച്ചന മുട്ടഗ്രാമം പദ്ധതിക്ക് തുടക്കം

അർച്ചന വിമൻസ് സെന്ററിന്റെ നേതൃത്വത്തിൽ അതിജീവനം 2021 കോവിഡ് പ്രതിരോധ പ്രവർത്തനപദ്ധതിയുടെ ഭാഗമായി ഭഷ്യസുരക്ഷാ ഉറപ്പുവരുത്തി അർച്ചന മുട്ടഗ്രാമം പദ്ധതിക്ക് തുടക്കം കുറിച്ചു. പദ്ധതി ഉൽഘാടനം മോൻസ് ജോസഫ് എം എൽ എ നിർവഹിച്ചു. സെന്റർ അസിസ്റ്റന്റ് ഡയറക്ടർ സിസ്റ്റർ ആനി ജോസഫ് അധ്യക്ഷത വഹിച്ചു. കിസാൻ നാഷണൽ സർവീസ് സൊസൈറ്റി നാഷണൽ സെക്രട്ടറി എസ് സുരേഷ് പദ്ധതി വിശദീകരിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി വി സുനിൽ പ്രഭാഷണം നടത്തി. പഞ്ചായത്ത് പ്രസിഡന്റ് സൈനമ്മ ഷാജു, വികസനകാര്യ സ്ഥിരസമിതി അധ്യക്ഷ ജിൻസി എലിസബത്, പഞ്ചായത്ത് അംഗങ്ങളായ എം ബി സ്മിത, രശ്മി വിനോദ്, ഷീജ സജി എന്നിവർ പങ്കെടുത്തു. കിസാൻ സർവീസ് സൊസൈറ്റി നാഷണൽ വൈസ് പ്രസിഡന്റ് എം.ആർ സുനിൽ കുമാർ, പ്രൊജക്റ്റ് മാനേജർ പോൾസൺ കൊട്ടാരത്തിൽ, ജീവൻ സമൃദ്ധി കോ ഓർഡിനേറ്റർ മറിയാമ്മ ജോസഫ്, ഷൈനി ജോഷി, അമല മാത്യു എന്നിവർ പ്രസംഗിച്ചു. പദ്ധതിയിൽ 200 ഗുണഭോക്താക്കളുണ്ട്. 25 പഞ്ചായത്തുകളിലേക്ക് പദ്ധതി വ്യാപിപ്പിക്കുവാനാണ് അർച്ചന വിമൻസ് സെന്റർ ലക്ഷ്യമിടുന്നത്.



അർച്ചന വിമൻസ് സെന്ററിന്റെ നേതൃത്വത്തിൽ അതിജീവനം - 2021 കോവിഡ് പ്രധിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഭഷ്യസുരക്ഷാ ഉറപ്പ് വരുത്തി മുട്ടഗ്രാമം പദ്ധതിയുടെ ഉദ്ഘാടനം ശ്രീ മോൻസ് ജോസഫ് എം എൽ എ നിർവ്വഹിക്കുന്നു



## സ്ത്രീകൾക്ക് എത്ര വിലങ്ങുകൾ...

**മിസ് ത്രേസ്യാമ്മ മാത്യു**
ഡയറക്ടർ അർച്ചന വിമൻസ് സെൻറർ

ഉറക്കെ ചിരിക്കാനോ അഭിപ്രായം പറയാനോ അർഹത ഇല്ലാത്തവൾ.... ഇഷ്ടങ്ങളെ ആശിച്ചു തീർക്കേണ്ടവൾ....അഭിപ്രായം പറഞ്ഞാൽ തന്റേടി ആയി പോകുന്നവൾ ..... അങ്ങനെ അങ്ങനെ ആണുങ്ങൾ എഴുതിവെച്ച ശാസ്ത്രത്തിൽ എവിടെയോ കുടുങ്ങി പോയവൾ .....

സ്ത്രീയായി ജനിക്കേണ്ടിയിരുന്നില്ല എന്ന് തോന്നിയ അനേകം സന്ദർഭങ്ങൾ പല പെൺകുട്ടികളുടേയും ജീവിതത്തിൽ ഉണ്ടായിട്ടുണ്ട്. അസമയത്തെ യാത്രകളും അപരിചിത സ്ഥലങ്ങളിലെ താമസവും പെൺകുട്ടികൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കാറുണ്ട്. സ്ത്രീ എത്ര വലിയ ഉദ്യോഗസ്ഥയോ സെലിബ്രേറ്റിയോ സാധാരണക്കാരിയോ ആവട്ടെ ജനങ്ങൾക്ക് അവൾ ഒരു ഉപഭോഗ വസ്തു മാത്രമാണ്. പുരുഷന് അമർത്തി തോണ്ടാനും രഹസ്യഭാഗങ്ങളിൽ പിടിക്കാനും വസ്ത്രാക്ഷേപം ചെയ്യാനുള്ള ഒരു ചരക്ക്. ബസ്സിൽ ആയാലും പൊതുസ്ഥലത്ത് ആയാലും ആൺകുട്ടി നിൽക്കുമ്പോൾ പെൺകുട്ടികൾക്ക് വല്ലാത്തൊരു അസ്വസ്ഥത പെരുകി വരാറുണ്ട്. ഏത് നിമിഷവും ആക്രമിക്കപ്പെട്ടേക്കാം എന്ന ഭയം. സ്ത്രീകൾക്ക് തനിച്ചിരിക്കാൻ ഒരു ഇടം പോലുമില്ല. വെറുതെ കടൽത്തീരത്തോ പാർക്കിലോ റസ്റ്റോറന്റിലോ പാതയോരത്തോ സിനിമ തീയേറ്ററിലോ അല്പസമയം ഒറ്റയ്ക്ക് നിന്നാൽ കോർത്ത് വലിക്കുന്ന ആൺ നോട്ടങ്ങൾ അസഹ്യത ഉളവാക്കുന്നവയാണ്. കൂട്ടുവേണോ, എവിടെ പോകുന്നു, ഒറ്റയ്ക്കാണോ തുടങ്ങിയ അന്വേഷണങ്ങൾ പാവം പെണ്ണിന്റെ സുരക്ഷയെ കരുതിയല്ല. അഭ്യുദയകാംക്ഷികളുടെ സഹായം സഹിക്കവയ്യാതെ ഏകാന്തതയെ സ്നേഹിക്കാൻ വന്നവൾ ആൾക്കൂട്ടത്തിലേക്ക് ഓടി പോവുകയാണ് പതിവ്. തനിയെ യാത്ര ചെയ്യുന്ന സ്ത്രീകളുടെ അവസ്ഥയും ഇതുതന്നെ. എല്ലായ്പ്പോഴും ജാഗ്രതയോടെ ഇതുപോലെ ഇരുന്നേ പറ്റൂ. ഒന്ന് കണ്ണടയ്ക്കാൻ പോലും കഴിയില്ല. കൈയ്യിലുള്ള വിലപ്പെട്ട ഭൗതിക വസ്തുക്കളെക്കാൾ അവൾക്ക് ഭയം സ്വന്തം ശരീരത്തെയാണ്. പ്രാഥമിക ആവശ്യത്തിനായി ഒരു ടോയ്ലെറ്റിൽ കയറാൻ പോലും കഴിയുന്നില്ല. നോട്ടങ്ങളും ഒളിക്യാമറകളും മാത്രം നിറഞ്ഞ ലോകത്ത് ജീവിക്കുന്നവർക്ക് എന്ത് സ്വകാര്യതയാണ് ഉള്ളത്.

സ്ത്രീകൾക്കെതിരെയുള്ള ആക്രമണങ്ങൾ മുഴുവനും ഉണ്ടാവുന്നത് പുറംലോകത്തു നിന്നല്ല. സ്വന്തം വീടിനുള്ളിൽ അടുത്ത ബന്ധുക്കളാൽ ഇരകളാക്കപ്പെടുന്നവരാണ് പലരും. സ്ത്രീകൾ ബലാൽസംഗം ചെയ്യപ്പെടുന്നതിന്റെ എണ്ണം ഓരോവർഷവും വർധിച്ചു വരുന്ന നാടായി ഇന്ത്യ മാറിയിരിക്കുന്നു. കുറ്റവാളികളുടെ സാമൂഹിക രാഷ്ട്രീയ സാമ്പത്തിക സ്വാധീനങ്ങൾക്ക് അനുസരിച്ചോ കുടുംബത്തിന്റെ അഭിമാനമോർത്തോ സംഭവങ്ങൾ മൂടിവയ്ക്കപ്പെടുമ്പോൾ കുറ്റം ചെയ്യാനുള്ള പ്രവണത സമൂഹത്തിൽ വർധിക്കുകയാണ് ചെയ്യുന്നത്. കൂടാതെ ഇരകളാക്കപ്പെടുന്നവർക്ക് സമൂഹവും നിയമവും നൽകുന്ന അവഹേളനവും കാര്യങ്ങളെ പൊതുജന ശ്രദ്ധയിലെത്തിക്കുന്നതിൽ സ്ത്രീകളെ പിന്തിരിപ്പിക്കുന്നു. അടുത്തയിടെ ഉണ്ടായ പെൺവാണിഭ കേസുകളിൽ ഇരകളാക്കപ്പെട്ട നിസ്സഹായരായ പെൺകുട്ടികളോട് സമൂഹവും മാധ്യമങ്ങളും നിയമങ്ങളും എങ്ങനെയാണ് പെരുമാറിയതെന്ന് നമുക്ക് കൃത്യമായി അറിയാവുന്നതാണല്ലോ. അനുഭവിച്ച മുറിവുകളേക്കാൾ ഭയാനകമാവും ഇനി വരാനുള്ളത് എന്ന ഭയത്തോടെ ഇരകൾ നിശബ്ദരാകുന്നുവെങ്കിൽ നമുക്ക് അവരെ കുറ്റം പറയാനാവില്ല. വിദ്യാഭ്യാസവും തൊഴിലും വർധിക്കുന്നതോടൊപ്പം സ്ത്രീകളോടുള്ള മനോഭാവം മോശമായി വരുന്നു എന്നതാണ് ഈയടുത്തു നടന്ന സംഭവങ്ങൾ സൂചിപ്പിക്കുന്നത്. സ്ത്രീധനവും അതുമായി ബന്ധപ്പെട്ട പീഢന മരണങ്ങളും ഇന്ത്യയുടെ പല ഭാഗത്തും നിത്യസംഭവമാണ്. ലോകം മുന്നോട്ടു പോകുമ്പോൾ നമ്മൾ പിന്നിലേക്ക് വലിയുകയാണ്. കൗമാരപ്രായമാകുമ്പോഴേക്ക് പുരുഷന്മാർക്ക് സ്വാതന്ത്ര്യത്തിന്റെ ഭൂമിക തുറന്നു കിട്ടുകയായി. തനിയെ സിനിമക്കു പോവാനും കൂട്ടുകാർക്കൊപ്പം യാത്ര ചെയ്യാനുമൊക്കെ അവന് അനുവാദം നൽകുന്ന മാതാപിതാക്കൾ പക്ഷെ അതേ പ്രായത്തിലുള്ള പെൺകുട്ടികൾക്കു മേൽ കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയാണ് പതിവ്. അവൾക്ക് പുറം ലോകത്തിനുമേൽ പരിധികൾ വീഴുന്നു. ആൺകുട്ടിയല്ലേ ലോകം കണ്ടു വളരട്ടെ എന്ന് മകനോട് പറയുന്നവരാണ് മകൾക്ക് നീയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത്. പെൺകുട്ടി അന്യ വീട്ടിൽ പോകാനുള്ളവളായതിനാൽ നല്ല പാതയിലൂടെ നടത്തുകയെന്നത് കുടുംബത്തിന്റെ ആവശ്യമായിമാറുന്നു. വീട്ടിൽ എല്ലാവരാലും സംരക്ഷിക്കപ്പെടേണ്ടവളാണ് പെൺകുട്ടി. വളർന്നു വരുന്ന ആൺകുട്ടിയുടെ മനസിൽ ഈ കാഴ്ചകളെല്ലാം അതേപടിയുണ്ട്. പെണ്ണിന് സ്വയം സംരക്ഷിക്കാൻ കഴിവില്ല. അവൾ മറ്റാരുടേയോ ആണ്. അവൾക്ക് സ്വന്തമായി ഒന്നും ചെയ്യാനാവില്ല..... സ്വന്തം വീട്ടിൽ അമ്മയ്ക്കും സഹോദരിക്കും സ്നേഹത്തോടെ സംരക്ഷണമൊരുക്കുന്ന മകന്റെയും സഹോദരന്റെയുമു

ശേഷം 2-ാം പേജിൽ...

ദർശനം : സാമൂഹ്യവും ലിംഗഭേദപരവുമായ വിവേചനങ്ങളെ അവസാനിപ്പിച്ചുകൊണ്ട് തുല്യവും നീതിയുക്തവുമായ വ്യവസ്ഥിതിയും അതോടൊപ്പം ജാതി, മതം, ലിംഗം എന്നിവയുടെ അടിസ്ഥാനത്തിലുള്ള വേർതിരുവുകളില്ലാതെ എല്ലാ വ്യക്തികളെയും മികച്ചതും, സമൃദ്ധവും, വശ്യവും, സന്തുഷ്ടവുമായ ജീവിതം സ്വായത്തമാക്കാൻ പ്രാപ്തരാക്കുക.

ഒന്നാം പേജിൽ നിന്ന് തുടർച്ച...

ളളിൽ വളരുന്ന ഇതേ കാഴ്ചകൾ തന്നെയാണ് സ്ത്രീ ഒരു പടി താഴെ നിൽക്കുന്നവളും കഴിവ് കുറഞ്ഞവളുമാണ് എന്ന വിശ്വാസം അവനിൽ ജനിപ്പിക്കുന്നതും. പുറം ലോകവുമായി ബന്ധപ്പെട്ട ജോലികൾ ചെയ്ത് പുരുഷനെ ആത്മവിശ്വാസമുള്ളവനും പ്രാപ്തനുമാക്കുമ്പോൾ സ്ത്രീയെ വീട്ടുപണികളും പാചകവും ചെയ്യാനാണ് പ്രോത്സാഹിപ്പിക്കുന്നത്. പിന്നൊരിക്കൽ കലമുടച്ചാലും പെൺകുട്ടികൾ പൂച്ചയായി പമ്മി പതുങ്ങി ഇരിക്കുന്നത് കാണാനാണ് എല്ലാവർക്കും ഇഷ്ടം. ഇത് പൊതു സമൂഹത്തിന്റെ കാഴ്ചപ്പാടാണ്.വിവാഹത്തിലൂന്നിയ അടിമത്ത പ്രഖ്യാപനമാണ് മറ്റൊന്ന്.ചിറകില്ല എങ്കിലും പക്ഷികളെ പോലെയാണ് പെൺകുട്ടികൾ സ്വന്തം വീട്ടിലും ഭർത്താവിന്റെ വീട്ടിലും ഉണ്ടാകുന്നു അവർ. പക്ഷേ സ്വന്തം എന്ന് പറയാൻ വീടില്ല അവർക്ക് സ്വന്തം വീട്ടുകാർ പറയുന്നു 'അന്യ വീട്ടിലേക്ക് പോകേണ്ടവളാണെന്ന് 'ഭർതൃവീട്ടുകാർ പറയുന്നു 'അന്യ വീട്ടിൽ നിന്നും വന്നവൾ ആണെന്ന് ' അറിയുന്നില്ല ഈ പെൺമക്കൾ ഏത് വീട്ടുകാരുടെതാണെന്ന്. വിവാഹം കുടുംബത്തിന്റെ, സമൂഹത്തിന്റെ നിലനിൽപ്പിന് അനിവാര്യമായ സംഗതിയാണ് എന്നതിൽ തർക്കമില്ല. എങ്കിലും വിവാഹമാണ് ഒരു സ്ത്രീയുടെ അന്തിമ ലക്ഷ്യം എന്ന രീതിയിലാണ് പെൺകുട്ടികളെ കുടുംബവും സമൂഹവും വളർത്തിക്കൊണ്ടു വരുന്നത്. മറ്റുള്ളവർക്ക് വേണ്ടി പാകപ്പെടാനായി സ്വന്തം സ്വപ്നങ്ങളും ജീവിതവും ബലികഴിക്കുന്ന ധാരാളം സ്ത്രീകൾ നമുക്ക് ചുറ്റും അസംതൃപ്തമായ ദാമ്പത്യം ചുമന്നുകൊണ്ട് നടക്കുന്നുമുണ്ട്.പലപ്പോഴും സ്ത്രീകൾക്ക് സമൂഹം കൽപ്പിച്ചു നൽകിയ ശാലീനത യുടെ പ്രതിച്ഛായയിൽ നിന്ന് പുറത്തിറങ്ങാൻ താൽപര്യമില്ല. ഈ നിസ്സംഗത തന്നെയാണ് പുറമേനിന്നുള്ള അക്രമങ്ങൾക്ക് മറ്റുള്ളവരെ ഒരു പരിധിവരെ പ്രേരിപ്പിക്കുന്നതും. അക്രമത്തെ പ്രതിരോധിക്കുന്നത് പോയിട്ട് സ്വന്തം അവകാശങ്ങൾ പോലും ചോദിച്ചുവാങ്ങാൻ ആവാത്ത ശാലീനതയാൽ മൂടപ്പെട്ടിരിക്കുകയാണ് ഭൂരിപക്ഷം സ്ത്രീകളും. ബസ്സുകളിൽ സംവരണ സീറ്റുകൾ പുരുഷന്മാർ പലപ്പോഴും കൈയ്യടക്കി വച്ചിരിക്കും. ആവശ്യപ്പെട്ടാൽ മിക്കവാറും എല്ലാവരും സീറ്റ് ഒഴിഞ്ഞു തരാറുണ്ട്. പക്ഷേ ബസ്സിൽ തൂങ്ങി നിന്ന് യാത്ര ചെയ്താലും തനിക്ക് അവകാശപ്പെട്ട സീറ്റ് ചോദിച്ചുവാങ്ങാൻ പോലും തുനിയാറില്ല മിക്ക സ്ത്രീകളും. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥകളും വിദ്യാർഥിനികളും വീട്ടമ്മമാരും എല്ലാം ഒരുപോലെ തന്നെ. ഇത്തരം നിസ്സാര സംഭവങ്ങളിലൂടെയെല്ലാം ആണധികാരത്തിന്റെ തീവ്രത അറിയാതെ തന്നെ സമൂഹത്തിൽ അടിച്ചുറപ്പിക്കുകയാണ്.

സ്ത്രീകളെ അംഗീകരിക്കാനും ബഹുമാനിക്കാനുമാവുന്ന തലത്തിലേക്ക് സമൂഹത്തിന്റെ പൊതുബോധത്തെ ഉയർത്തി കൊണ്ടുവരേണ്ടിയിരിക്കുന്നു. സ്ത്രീകൾക്ക് കഴിയുന്നത്ര വിദ്യാഭ്യാസവും പുറംലോകവും നൽകി സ്വയം പര്യാപ്തരാക്കുക എന്നതാണ് സമൂഹത്തിന് ചെയ്യാനുള്ളത്. അതോടൊപ്പം സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്ന രീതിയിൽ കൈത്തൊഴിലുകൾ അടക്കമുള്ള പരിശീലനം ലഭ്യമാക്കുക. ചെറു പ്രായത്തിലുള്ള വിവാഹവും പ്രസവവും നിരുത്സാഹപ്പെടുത്തുക. സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കഴിയുന്നത്ര പുറംലോകത്തിന്റെ ശ്രദ്ധയിൽ കൊണ്ടു വരിക.പുറത്ത് പറയാൻ മടിക്കുന്നത് അക്രമം ചെയ്യുന്നവർക്ക് പ്രോത്സാഹനം നൽകുമെന്ന് മറക്കാതിരിക്കുക. നിയമങ്ങളെക്കുറിച്ച് ബോധവതികളാക്കുക. സ്ത്രീകളെ താഴ്ത്തിക്കെട്ടുന്ന രീതിയിൽ സംസാരിക്കാതിരിക്കുക, നല്ലപ്രവർത്തനങ്ങൾ നടത്തുന്ന വനിതാ സംഘടനകളെ പ്രോത്സാഹിപ്പിക്കുക, മറ്റുള്ളവർ ചെയ്തോളും എന്ന് അലസ മനോഭാവം വെടിഞ്ഞ് സ്ത്രീകൾ ഉത്തരവാദിത്വങ്ങൾ ഏൽക്കാൻ തയ്യാറാവുക, സർവോപരി പെൺകുട്ടിയോട് ബഹുമാനത്തോടെ പെരുമാറാൻ ആൺകുട്ടികളെ പഠിപ്പിക്കുക. ഇങ്ങനെ നമുക്ക് ചെയ്യാവുന്ന പല കാര്യങ്ങളുമുണ്ട്. പെട്ടെന്ന് ഒരു സൂര്യോദയം ഉണ്ടാവില്ല എങ്കിലും ഇപ്പോൾ ബാധിച്ച ഈ ഇരുട്ട് നീക്കികളയേണ്ട ചുമതല നമ്മളോരോരുത്തർക്കുമുണ്ട്. 'പെൺകുട്ടികൾ വളരേണ്ടത് തൊട്ടാൽ ഭയപ്പെടുന്ന പൂമ്പാറ്റകളായല്ല. തൊട്ടാൽ കുത്തുന്ന കടന്നലുകൾ ആയാണ്.

# ഓക്സിമീറ്റർ വിതരണം നടത്തി



ഓക്സിമീറ്റർ വിതരണോദ്ഘാടനം സെന്റർ ഡയറക്ടർ മിസ്ത്രേസ്യാമ്മ മാത്യു നിർവ്വഹിക്കുന്നു. അസി.ഡയറക്ടർ മിസ്ആനി ജോസഫ്,പ്രോജക്ട് മാനേജർ പോൾസൺ കൊട്ടാരത്തിൽ,ടെക്നിക്കൽ മാനേജർ പി.കെ ജയശ്രീ എന്നിവർ സമീപം

ഏറ്റുമാനൂർ: ഒബ്ലേറ്റ്മിഷനറീസ് ഓഫ് മേരി ഇമാക്കുലേറ്റിന്റെ സാമൂഹിക ക്ഷേമവിഭാഗമായ അർച്ചന വിമൻസ് സെന്ററിന്റെ നേതൃത്വത്തിൽ അതിജീവനം 2021 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധപഞ്ചായത്തുകളിലെ സി എഫ് എൽ റ്റി സി, ആർച്ച് ഫെഡ് യൂണിറ്റ് ഓഫീസ്എന്നിവിടങ്ങളിൽ ഓക്സിമീറ്റർ വിതരണം നടത്തി. സെന്റർ ഡയറക്ടർ മിസ് ത്രേസ്യാമ്മ മാത്യു ഉദ്ഘാടനം ചെയ്തു. അസി. ഡയറക്ടർ മിസ് ആനി ജോസഫ്, പ്രോജക്ട് മാനേജർ പോൾസൺ കൊട്ടാരത്തിൽ, ടെക്നിക്കൽ മാനേജർ പി കെ ജയശ്രീ, സീനിയർ പ്രോഗ്രാം ഓഫീസർ ഷൈനി ജോഷി, പ്രോഗ്രാം ഓഫീസർ സി. അജീഷ, യൂണിറ്റ് ഓഫീസർ ഗീതാ ഉണ്ണികൃഷ്ണൻ തുടങ്ങിയവർ പ്രസംഗിച്ചു. ജെയിനമ്മസെബാസ്റ്റ്യൻ, സതീഷ് കുമാർ, റ്റി.കെ ജ്യോതിമോൾ , അശ്വതി വിജയൻ, ആർ പ്രതിഭ, ഡയാനാമോൾ ദേവസ്യാ, ജിബിൻ ജോഷിതുടങ്ങിയവർ നേതൃത്വം കൊടുത്തു.

# കോവിഡ് ബോധവൽക്കരണ ക്ലാസ്സ്

അർച്ചന വിമൻസ് സെന്ററിന്റെ നേതൃത്വത്തിൽ വിവിധ സി എ ജി കളിലായി കോവിഡ് ബോധവൽക്കരണ ക്ലാസ്സ് നടത്തപ്പെട്ടു. അർച്ചന വിമൻസ് സെന്റർ കമ്മ്യൂണിറ്റി ഓർഗനൈസർ ശ്രീമതി. ഷീല കെ .എസ് കോവിഡിനെ എങ്ങനെ പ്രതിരോധിക്കാം, രോഗം വരാതെ എങ്ങനെ നോക്കാം എന്നതിനെക്കുറിച്ചും ക്ലാസ്സിൽഉൾപ്പെടുത്തിയിരുന്നു ഗൂഗിൾ മീറ്റിലൂടെ ഓൺലൈനായിനടത്തിയ ക്ലാസ്സുകളിൽ വിവിധ പഞ്ചായത്തുകളിലെ സി എ ജി അംഗങ്ങൾ പങ്കെടുത്തു.

# പോസിറ്റീവ് പാരന്റിംഗ്: വെബ്ബിനാർ സീരീസ്

അർച്ചന വിമൻസ് സെന്ററിന്റെ നേതൃതത്തിൽ ഞീഴൂർ യൂണിറ്റ് ഓഫീസിന്റെ ആഭിമുഖ്യത്തിൽ പോസിറ്റീവ് പാരന്റിംഗ് വെബിനാർ സീരിയസ് നടത്തി . അർച്ചന വിമൻസ് സെന്റർ കൗൺസിലർ ശ്രീമതി .ബിന്ദു വർഗീസ് ക്ലാസ്സിനു നേതൃത്വം നൽകി . കുടുംബ പാരമ്പര്യം ,കുടുംബ സാഹചര്യം എന്നിവ എങ്ങനെ കുട്ടികളുടെ സ്വഭാവ രൂപീകരണത്തെ സ്വാധിനിക്കുന്നു .അവരുടെ മാനസിക വളർച്ചക്ക് സഹായിക്കുന്ന ഘടകങ്ങൾ എന്തൊക്കെ ,കുട്ടികളുടെ ഫോൺനേരോടുള്ള ആസക്തി ,കുട്ടികൾക്കു നേരെയുള്ള അതിക്രമങ്ങൾ ,പോക്സോ നിയമം എന്നിവയെക്കുറിച്ചു ക്ലാസ്സ് നയിച്ചു.

# ലഹരി വിരുദ്ധ ദിനാചരണം നടത്തി



ഏറ്റുമാനൂർ : അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി ഒബ്ലേറ്റ് മിഷനറീസ് ഓഫ് മേരി ഇമാക്കുലേറ്റിന്റെ സാമൂഹിക ക്ഷേമ വിഭാഗമായ അർച്ചന വിമൻസ് സെന്ററിന്റെ നേതൃത്വത്തിൽ 'കരുതൽ 2021 ' വിദ്യാർത്ഥികൾക്ക് വേണ്ടി ലോക ലഹരി വിരുദ്ധ ദിനാചരണം നടത്തി. അർച്ചന വിമൻസ് സെന്റർ ജീവൻ സമൃദ്ധി കോർഡിനേറ്റർ മിസ് മറിയാമ്മ ജോസഫിന്റെ അദ്ധ്യക്ഷതയിൽ കോട്ടയം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് റ്റി. എസ് ശരത്ത് ഉദ്ഘാടനം ചെയ്യുതു. പാലാ അഡാർട്ട് ഡീ അഡീക്ഷൻ സെന്റർ കൗൺസിലർ ഡിജോ ദാസ് ബോധവത്കരണ ക്ലാസിന് നേതൃത്വം നൽകി. റ്റീനു ഫ്രാൻസീസ്, അമല മത്യു, ആർ പ്രതിഭ, ജസ്റ്റിൻ പി. തോമസ് തുടങ്ങിയവർ പ്രസംഗിച്ചു. അർച്ചന വിമൻസ് സെന്ററിന്റെ നേതൃത്വത്തിലുള്ള കുട്ടികളുടെ ഗ്രൂപ്പിലെ എഴുപതോളം അംഗങ്ങൾ പങ്കെടുത്തു



# സ്ത്രീ അവൾ അബലയോ

**സാലി ബേബി**
**ദയ സി എ ജി, കടുത്തുരുത്തി**

സ്ത്രീകൾക്ക് എതിരായ അതിക്രമങ്ങൾ വർദ്ധിച്ചു വരുന്ന ഒരു സാഹചര്യത്തിലാണ് ഇന്ന് നമ്മുടെ സമൂഹം . സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ എന്ന് പറയുന്നതുപോലും മാനക്കേട് ഉണ്ടാക്കുന്ന കാര്യമാണെന്ന് പറയാതിരിക്കുവാൻ വയ്യ. സ്ത്രീ അവൾ ശബ്ദമുയർത്തി സംസാരിക്കാൻ പാടില്ല. അവൾ അടക്കത്തോടും ഒതുക്കത്തോടും കൂടി ജീവിക്കണം. വീട്ടു ജോലികൾ കൃത്യമായി ചെയ്തു തീർക്കണം. എല്ലാറ്റിലുമുപരി പുരുഷന്റെ സംരക്ഷണയിൽ അവൾ ജീവിക്കണം. ഒരു പെണ്ണിനെക്കുറിച്ചുള്ള മൂല്യ സങ്കല്പങ്ങൾ ഇതൊക്കെയാണ്. കുട്ടിക്കാലം മുതൽ ഒരു പെൺകുഞ്ഞിന്റെ മനസിലേക്ക് ഇത്തരം ചിന്തകൾ അടിച്ച് ഏൽപിക്കുകയാണ്. എന്നിട്ട് സംഭവിക്കുന്നതോ ? ഇത്തരം മൂല്യങ്ങളുടെ തടവുകാരിയായി മാറുകയാണ് സ്ത്രീകൾ . കുടുംബവും സമൂഹവും കൽപിച്ചു തരുന്ന പുരുഷനോട് അല്ലാതെ മറ്റൊരു പുരുഷനോട് സംസാരിച്ചാൽ അവൾ അപഹസിക്കപ്പെട്ടവൾ. ഉച്ചത്തിൽ ഒന്ന് സംസാരിച്ചാൽ അവൾ അഹങ്കാരിയാകും.

എന്നാൽ കാലം മുന്നോട്ട് കുതിക്കുമ്പോൾ നാം കാണുന്നത് സ്ത്രീമുന്നേറ്റത്തിന്റെ കാലമാണ്. നീതിക്കായ് അവകാശത്തിനായി സ്വാതന്ത്ര്യത്തിനായി സമത്വത്തിനായ് സ്ത്രീ സുരക്ഷക്കായ് സ്ത്രീകൾ പട പൊരുതി മുന്നോട്ട് പോകുന്ന കാഴ്ചയാണ് നാം കാണുന്നത്. എങ്കിലും സ്ത്രീകൾക്ക് വേണ്ടത് അവകാശങ്ങളേക്കാൾ സുരക്ഷയാണ്. പുറത്ത് പോയാൽ സുരക്ഷിതയായ് തിരിച്ചുവരും എന്ന ഉറപ്പ് ജോലിസ്ഥലങ്ങളിൽ സുരക്ഷിതയാണ് എന്ന ഉറപ്പ്, പൊതുസ്ഥലങ്ങളിൽ ഭയപ്പെടേണ്ടതില്ല എന്ന ഉറപ്പ് , ഞാൻ ജനിച്ചതും വളർന്നതും ഈ നാട്ടിലാണ് , എന്റെ രാജ്യമാണ് ഇത്. ഇനിയും ജീവിക്കേണ്ടത് ഇവിടെയാണ്.

ഞാൻ അടങ്ങുന്ന സ്ത്രീ സമൂഹം ഓരോ നിമിഷവും ഭയത്തോടെയാണ് ജീവിക്കുന്നത്. നമുക്ക് ചുറ്റും അക്രമങ്ങളാണ് നടക്കുന്നത്.ചങ്ക് പൊള്ളിക്കുന്ന വാർത്തകളാണ് ചുറ്റും. ഗാർഹിക പീഢനം, സ്ത്രീ പീഢനം അങ്ങനെ അങ്ങനെ .....

സ്ത്രീയെ അപമാനിക്കുന്നിടത്ത് പുരോഗതി ഇല്ലാ എന്ന് തിരിച്ചറിയണം. നീവെറും പെണ്ണാണ് എന്ന വാദം തിരുത്തിക്കുറിച്ച് കൊണ്ട് വീടിന്റെ നാല് ചുമരുകൾക്കുള്ളിൽ കഴിയുന്നവൾ നാടിന്റെ ഭാഗദേയം നിർണയിക്കുന്നതിൽ മുഖ്യ പങ്ക് വഹിക്കുന്നു. ജീവിതത്തിലെ പ്രതിസന്ധികളേയും പ്രതികൂല സാഹചര്യങ്ങളേയും സ്വന്തം ഇച്ഛാശക്തി കൊണ്ടും കർമ്മധീരത കൊണ്ടും നേരിടുന്ന സ്ത്രീ അവൾ അബലയല്ല. അവൾ പുരുഷനോടൊപ്പം ഏത് മേഖലയിലും ഏത് സാഹചര്യത്തിലും പ്രവർത്തിക്കാൻ പ്രാപ്തയാണ്. മനുഷ്യ കുലത്തിന്റെ നിലനിൽപു തന്നെ സ്ത്രീയാണ്. പുരുഷ മേധാവിത്വ കാഴ്ചപ്പാടുകൾ മാറണം. മാറ്റണം. അങ്ങനെ സ്ത്രീത്വത്തെ മനസിലാക്കുന്ന ഒരു സമൂഹം ഉണ്ടാകണം.

സ്ത്രീ ഞാൻ ശക്തയാണ്, സൃഷ്ടിയുടെ പൂർണതയാണ് എന്ന ആത്മബോധത്തോടു കൂടി സ്വന്തം ഇച്ഛാശക്തി തിരിച്ചറിഞ്ഞ് അധികാരത്തിന്റേയും പുരുഷ മേധാവിത്വത്തിന്റെയും അടിമച്ചങ്ങല പൊട്ടിച്ച് എറിഞ്ഞു കൊണ്ട് സ്ത്രീകളിന്ന് അബലകൾ അല്ല എന്ന് തെളിയിച്ച് മുന്നേറിക്കൊണ്ടിരിക്കുന്നു.

അവൾ, സ്ത്രീ, അബലയല്ല. ഈ കാലഘട്ടത്തിന്റെ ഉൾവിളികൾക്ക് ഉത്തരമരുളുന്ന പുത്തൻ സങ്കീർത്തനമാണ്.

# യോഗാ ദിനാചരണം സംഘടിപ്പിച്ചു

ഏറ്റുമാനൂർ : ഒബ്ലേറ്റ് മിഷനറീസ് ഓഫ് മേരി ഇമാക്കുലേറ്റിന്റെ സാമൂഹിക ക്ഷേമ വിഭാഗമായ അർച്ചന വിമൻസ് സെന്ററിന്റെ നേതൃത്വത്തിൽ യോഗാ ദിനാചരണം സംഘടിപ്പിച്ചു. സെന്റർ അസിസ്റ്റന്റ് ഡയറക്ടർ മിസ്സ് ആനി ജോസഫ് അധ്യക്ഷതയിൽ യോഗാ അധ്യാപകൻ ശ്രീ ഷൈൻ ഡൊമിനിക് ക്ലാസ് നയിച്ചു. അർച്ചന വിമൻസ് സെന്റർ ജൈവ സമൃദ്ധി കോഡിനേറ്റർ മിസ്സ് മറിയാമ്മ കെ ജോസഫ്, അസിസ്റ്റന്റ് അക്കൗണ്ടന്റ് ഡയാനാമോൾ ദേവസ്യ, ക്ലസ്റ്റർ കോ ഓർഡിനേറ്റർ ജസ്റ്റിൻ പി തോമസ് തുടങ്ങിയവർ യോഗാ ദിനത്തിന്റെ പ്രാധാന്യത്തെ കുറിച്ച് ബോധവത്കരണം നടത്തി. ഗൂഗിൾ പ്ലാറ്റ്ഫോമിൽ സംഘടിപ്പിച്ച പരിപാടിയിൽ എഴുപതോളം പേര് പങ്കെടുത്തു.



അർച്ചന വിമൻസ് സെന്ററിന്റെ നേതൃത്വത്തിൽ യോഗ ദിനാചരണം

# വായനാ ദിനാചരണം

ഏറ്റുമാനൂർ : ഒബ്ലേറ്റ് മിഷനറീസ് ഓഫ് മേരി ഇമാക്കുലേറ്റിന്റെ സാമൂഹിക ക്ഷേമ വിഭാഗമായ അർച്ചന വിമൻസ് സെന്ററിന്റെ നേതൃത്വത്തിൽ വായനാ ദിനാചരണം നടത്തി. പ്രശസ്ത എഴുത്തുകാരൻ ഏറ്റുമാനൂർ ശിവകുമാർ ഉദ്ഘാടനം ചെയ്യ്തു. ഗൂഗിൾ പ്ലാറ്റ് ഫോമിലൂടെ സംഘടിപ്പിച്ച ഉദ്ഘാടന പരിപാടിയിൽ സെന്റർ ജീവൻ സമൃദ്ധി കോർഡിനേറ്റർ മിസ്സ് മറിയാമ്മ ജോസഫ് അദ്ധ്യക്ഷത വഹിച്ചു. സീനിയർ പ്രോഗ്രാം ഓഫീസർ ഷൈനി ജോഷി, ഷേർളി ജോൺ , റ്റി. കെ ജ്യോതിമോൾ , ആർ പ്രതിഭ, ജസ്റ്റിൻ കെ തോമസ് തുടങ്ങിയവർ പ്രസംഗിച്ചു. പ്രസ്തുത പരിപാടിയുടെ ഭാഗമായി കമ്മ്യൂണിറ്റി ആക്ഷൻ ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ നൂറോളം അംഗങ്ങളെ ഉൾപ്പെടുത്തി വായനാ മത്സരം സംഘടിപ്പിച്ചു

# ആഹാരം, ആരോഗ്യം

അർച്ചന വിമൻസ് സെന്ററിന്റെ കടുത്തുരുത്തി യൂണിറ്റ് ഓഫീസിന്റെ നേതൃത്വത്തിൽ ആഹാരം, ആരോഗ്യം എന്ന വിഷയത്തെക്കുറിച്ച് ക്ലാസ് നടത്തി .കടുത്തുരുത്തി യൂണിറ്റ് ഓഫീസർ ശ്രീമതി ബിൻസി ബിജുവിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഗ്രാമനികേതൻ ട്രസ്റ്റ് ഡയറക്ടർ ശ്രീ. സാബു റ്റി. ഡി ക്ലാസ് നയിച്ചു. നമ്മുടെ മാറി വരുന്ന ആഹാര രീതികളും അതുമൂലം ഉണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങളുമാണ് ക്ലാസ്സിൽ ഉൾപ്പെടുത്തിയിരുന്നത് . ചോറിന്റെ അമിത ഉപയോഗം മൂലം ഉണ്ടാകുന്ന രോഗങ്ങളും അതുമൂലം ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളും ചർച്ച ചെയ്തു. നാമ്മുടെ ആഹാര രീതി മാറിയാൽ തന്നെ നമ്മുടെ ആരോഗ്യ പ്രശ്നങ്ങൾക്കും പരിഹാരം ഉണ്ടാകും. നല്ല ആഹാര രീതി ശീലം ആക്കുന്നതോടെ ആരോഗ്യ പൂർണമായ ഒരു തലമുറയെ വാർത്തെടുക്കാൻ നമുക്ക് സാധിക്കും

# മൊബൈൽ ഫോണിന്റെ അമിത ഉപയോഗം

അർച്ചന വിമൻസ് സെന്ററിന്റെ മാഞ്ഞൂർ യൂണിറ്റ് ഓഫീസിന്റെ നേതൃത്തത്തിൽ മൊബൈൽ ഫോണിന്റെ അമിത ഉപയോഗം മൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ എന്ന വിഷയത്തെ ആസ്പദമാക്കി ഓൺലൈൻ ക്ലാസ് നടത്തി . മാഞ്ഞൂർ യൂണിറ്റ് ഓഫീസർ സാലി മോൾ ജോസഫ് അധ്യക്ഷ ആയ യോഗത്തിൽ മാഞ്ഞൂർ അസ്സി.സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് ശ്രീ. അരുൺ കുമാർ കെ. ആർ ക്ലാസ്സിന് നേതൃത്വം നൽകി. ഫോണിന്റെ അമിത ഉപയോഗമൂലം ഇന്നു ആളുകൾക്ക് ഒരുപാട് പ്രശ്നങ്ങൾ നേരിടുന്നു. വിഷാദ രോഗങ്ങൾ,ആത്മഹത്യാ പ്രവണത, മാനസിക സമ്മർദ്ദം തുടങ്ങിയ ഒരുപാടു പ്രശ്നങ്ങക്ക് കാരണം ആകുന്നു. കുട്ടികളും ഫോണിന്റെ അമിത ഉപയോഗം മൂലം പല അപകടങ്ങളിലും ചെന്ന് ചാടുന്നു. ഫോണിനുള്ളിൽ ഒരുക്കി വച്ചിരിക്കുന്ന ഗെയിം പോലെയുള്ള ചതിക്കുഴികളിൽ ഒരുപാടു കുട്ടികൾ ചെന്നു ചാടുകയും അത് അവരെ ആസക്തി, ആത്മഹത്യ എന്നിവയിലേക്ക് നയിക്കുകയും ചെയ്യുന്നു

# ഡെങ്കിപ്പനി
## പ്രതിരോധ ബോധവൽക്കരണ ക്ലാസ്സ്

അർച്ചന വിമൻസ് സെന്ററിന്റെ മാഞ്ഞൂർ യൂണിറ്റ് ഓഫീസിന്റെ നേതൃത്വത്തിൽ ഡെങ്കിപ്പനി ബോധവൽക്കരണ ക്ലാസ്സ് നടത്തപ്പെട്ടു. കുറുപ്പന്തറ ഫാമിലി ഹെൽത്ത് സെന്റർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. ഷിബുമോൻ ക്ലാസ്സ് നയിച്ചു. ഡെങ്കിപ്പനി എത്ര തരത്തിൽ ഉണ്ട് അതിനെ എങ്ങനെ പ്രതിരോധിക്കാം, രോഗം വരാതെ എങ്ങനെ നോക്കാം എന്നതിനെക്കുറിച്ചും ക്ലാസ്സിൽ ഉൾപ്പെടുത്തിയിരുന്നു. ഗൂഗിൾ മീറ്റിലൂടെ ഓൺലൈനായി നടത്തിയ ക്ലാസ്സിൽ മാഞ്ഞൂർ പഞ്ചായത്ത് സി എ ജി അംഗങ്ങൾ പങ്കെടുത്തു.



## കോവിഡ് കാലഘട്ടത്തിലും, മഴക്കാലത്തും ചെയ്യേണ്ട
# ആയുർവേദ ടിപ്സ്

അർച്ചന വിമൻസ് സെന്ററിന്റെ നേതൃത്വത്തിൽ തലയോലപ്പറമ്പ് യൂണിറ്റ് ഓഫീസിന്റെ ഭാഗമായി കോവിഡിനെ പ്രതിരോധിക്കാനും മഴക്കാല രോഗങ്ങൾ പ്രതിരോധിക്കാനുമുള്ള ആയുർവേദ മാർഗ്ഗങ്ങൾ എന്ന വിഷയത്തെക്കുറിച്ചു അർച്ചന വിമൻസ് സെന്റർ സീനിയർ പ്രോഗ്രാം ഓഫീസർ ശ്രീമതി ഷൈനി ജോഷിയുടെ അധ്യക്ഷതയിൽ ബംഗളൂരു ആയുർവേദ മെഡിക്കൽ ഓഫീസർ ഡോ സാന്ദ്രിമ കെ.എസ് ക്ലാസ്സ് നയിച്ചു.

രോഗത്തെ എങ്ങനെ പ്രതിരോധിക്കാം,പ്രതിരോധശേഷി എങ്ങനെ വർദ്ധിപ്പിക്കാം എന്നതിനെക്കുറിച്ചും ക്ലാസ് നയിച്ചു .

## കോവിഡ് കാലത്തെ രക്തക്ഷാമം പരിഹരിക്കാൻ
# രക്തദാന ക്യാമ്പുകളുമായി അർച്ചന വിമൻസ് സെന്റർ



അർച്ചന വിമൻസ് സെന്റർ സംഘടിപ്പിച്ച രക്തദാന ക്യാമ്പ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി നിർമ്മല ജിമ്മി നിർവ്വഹിക്കുന്നു. ജീവൻ സമൃദ്ധി കോ ഓർഡിനേറ്റർ മിസ് മറിയാമ്മ ജോസഫ്, കടുത്തുരുത്തി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ഷൈനമ്മ ഷാജൂ എന്നിവർ സമീപം

കടുത്തുരുത്തി: കോവിഡ് കാലത്ത് രക്തദാതാക്കളെ കിട്ടാനില്ലാതെ രോഗികളും ബന്ധുക്കളും ബുദ്ധിമുട്ടനുഭവിക്കുന്ന സാഹചര്യത്തിൽ വിവിധ പ്രദേശങ്ങളിലായി സന്നദ്ധ രക്തദാന ക്യാമ്പുകളുമായി ഒബ്ലേറ്റ് മിഷനറീസ് ഓഫ് മേരിഇമാക്കുലേറ്റിന്റെ സാമൂഹിക ക്ഷേമ വിഭാഗമായ അർച്ചന വിമൻസ് സെന്റർ. പാലാ ബ്ലഡ് ഫോറവുമായി സഹകരിച്ചാണ് രക്തദാന ക്യാമ്പുകൾ സംഘടിപ്പിച്ചിരിക്കുന്നത്. കേരളാ സ്റ്റേറ്റ് എയ്ഡ്സ് കൺട്രേൾ സൊസൈറ്റി, ജില്ലാ ആരോഗ്യ വകുപ്പ്, നാഷണൽ ഹെൽത്ത് മിഷൻ, കടുത്തുരുത്തി ജനമൈത്രി പോലീസ്, തെള്ളകം മാതാ ബ്ലെഡ് ബാങ്ക് എന്നിവരുടെ സഹകരണത്തോടെയാണ് രക്തദാന ക്യാമ്പുകൾ നടത്തുന്നത്. കടുത്തുരുത്തി കടപ്പൂരാൻ ഓഡിറ്റോറിയത്തിൽ അർച്ചന വിമൻസ് സെന്റർ ജീവൻ സമൃദ്ധി കോ ഓർഡിനേറ്റർ മിസ് മറിയാമ്മ ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർമ്മല ജിമ്മി ക്യാമ്പിന്റെ ഔദ്യോഗിക ഉദ്ഘാടനം നടത്തി. കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷൈനമ്മ ഷാജു മുഖ്യപ്രഭാഷണം നടത്തി. ജില്ലാ മാസ് മീഡിയാ ഓഫീസർ ഡോമി ജോൺ, പാലാ ബ്ലഡ് ഫോറം ജനറൽ കൺവീനർ ഷിബു തെക്കേമറ്റം, കടുത്തുരുത്തി ജനമൈത്രി പോലീസ് സി ആർ ഓ എം എസ് തിരുമേനി, പ്രോജക്ട് മാനേജർ പോൾസൺ കൊട്ടാരത്തിൽ, ഡോക്ടർ സിൽവിയ റെജിമോൾ, റീജിയൺ ലിഡർ റ്റീനു ഫ്രാൻസീസ് തുടങ്ങിയവർ പ്രസംഗിച്ചു. തെള്ളകം മാതാ ബ്ലഡ് ബാങ്ക് ടീമാണ് ക്യാമ്പ് നയിച്ചത്. സീനിയർ പ്രോഗ്രാം ഓഫീസർ ഷൈനി ജോഷി, അമല മാത്യു, ആർ പ്രതിഭ, സാലി ജോജി, ഷീജ സജി, ബിൻസി ബിജു, ആശ ജിജി, ലിസി ബെന്നി, ജോയിസ് മാത്യു, ജിബിൻ ജോഷി എന്നിവർ ക്യാമ്പിന് നേതൃത്വം നല്കി.

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ സർക്കാർ നിർദ്ദേശങ്ങൾക്ക് വിധേയമായി തിരഞ്ഞെടുക്കപ്പെട്ട അൻപതോളം പേർ രക്തദാന ക്യാമ്പിൽ പങ്കാളികളായി. ജില്ലയിലെ വിവിധ പ്രദേശങ്ങളിലായി പത്തോളം ക്യാമ്പുകളാണ് പാലാ ബ്ലഡ് ഫോറവുമായി സഹകരിച്ച് അർച്ചന വിമൻസ് സെന്റർ കോവിഡു കാലത്ത് സംഘടിപ്പിച്ചിരിക്കുന്നതെന്ന് സെന്റർ ഡയറക്ടർ മിസ് ത്രേസ്യാമ്മ മാത്യു പറഞ്ഞു.

അർച്ചന വിമൻസ് സെന്റർ ജീവൻ സമൃദ്ധി കോർഡിനേറ്റർ മിസ് മറിയാമ്മ ജോസഫിന്റെ അദ്ധ്യക്ഷതതയിൽ ചേർന്ന യോഗത്തിൽ കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർമ്മല ജിമ്മി ക്യാമ്പിന്റെ ഔദ്യോഗിക ഉദ്ഘാടനം നടത്തി. കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷൈനമ്മ ഷാജു മുഖ്യ പ്രഭാഷണം നടത്തി

## പ്രാർഥന മത്സരം നടത്തി



ഇടുക്കി: അർച്ചന വിമൻസ് സെന്ററിന്റെ നേതൃത്വത്തിൽ ഇടുക്കി റീജിയണയിൽ ഈശ്വര പ്രാർഥന മത്സരം നടത്തി. തീക്കോയി, ഈരാറ്റുപേട്ട, വാഗമൺ എന്നീ പഞ്ചായത്തുകളിലായി ഈശ്വര പ്രാർഥന മത്സരം നടത്തിയത്. 18 ഓളം സി എ ജി അംഗംങ്ങളാണ് പങ്കെടുത്തത്. മത്സരാർഥികൾ പാടിയ വീഡിയോ അയച്ചു തരികയും ജഡ്ജസ് വിജയികളെ പ്രഖ്യാപിക്കുകയും ചെയ്തു.



അർച്ചന വിമൻസ് സെന്റർ വാഗമണിൽ ആരംഭിച്ച റൂറൽ മാർട്ട്
പീരുമേട് എം എൽ എ വാഴൂർ സോമൻ ഉദ്ഘാടനം ചെയ്യുന്നു

# ചീനി വിപ്ലവം

കടുത്തുരുത്തി: അർച്ചന വിമൻസ് സെന്റർ കടുത്തുരുത്തി റീജിയന്റെ നേതൃത്വത്തിൽ സി എ ജി ഗ്രൂപ്പ്കളിൽ ചീനി വിപ്ലവം നടത്തി. സി എ ജി ഗ്രൂപ്പ്കളിൽ നിന്നുള്ള 100 വനിതാകളാണ് സ്വന്തം വീട്ടുവളപ്പിൽ കാന്താരിതൈകൾ നട്ടുകൊണ്ടാണ് ഈ വിപ്ലവത്തിനു തുടക്കം കുറിച്ചത്. അവർ അവരുടെ വീട്ടുവളപ്പിൽ ചീനിതൈകൾ നടുകയും അതു സംരക്ഷിക്കുന്ന ഫോട്ടോകൾ എടുത്തുഅയച്ചുതരികയും ചെയ്തു. പണ്ട് നമ്മുടെ ചുറ്റുപാടും സുലഭമായിരുന്ന ഒന്നാണ് കാന്താരിചെടികൾ. എന്നാൽ ഇന്നുനമ്മുടെ തൊടികളിൽ നിന്നുമൺമറഞ്ഞുകൊണ്ടിരിക്കുന്ന ഒന്നായിമാറിയിരിക്കുകയാണ് ഇവ. മൺമറഞ്ഞു കൊണ്ടരിക്കുന്ന കാന്താരി ചെടികളെ വീണ്ടും നമ്മുടെ തൊടിയിലും നമ്മുടെ ദൈനദിക ജീവിതത്തിലേക്കും എത്തിക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത് .

# കറിവേപ്പ് വിപ്ലവം

കാണക്കാരി: അർച്ചന വിമൻസ് സെന്റർ ഏറ്റുമാനൂർ റീജിയന്റെ നേതൃത്വത്തിൽ സി എ ജി ഗ്രൂപ്പ്കളിൽ കറിവേപ്പ് വിപ്ലവം നടത്തി. സി എ ജി ഗ്രൂപ്പ്കളിൽ നിന്നുള്ള 100 വനിതാകളാണ് സ്വന്തം വീട്ടുവളപ്പിൽ കറിവേപ്പ് തൈകൾ നട്ടുകൊണ്ടാണ് ഈ വിപ്ലവത്തിനുതുടക്കം കുറിച്ചത്. അവർ അവരുടെ വീട്ടുവളപ്പിൽ കറിവേപ്പ് തൈകൾ നടുകയും അതു സംരക്ഷിക്കുന്ന ഫോട്ടോകൾ എടുത്തു അയച്ചു തരികയും ചെയ്തു .പണ്ട് നമ്മുടെചുറ്റുപാടും ുലഭമായിരുന്ന ഒന്നാണ് കറിവേപ്പ്. എന്നാൽ ഇന്നു നമ്മുടെ തൊടികളിൽ നിന്നു മൺമറഞ്ഞു കൊണ്ടരിക്കുന്ന ഒന്നായിമാറിയിരിക്കുകയാണ് ഇവ. മൺമറഞ്ഞു കൊണ്ടരിക്കുന്ന കറിവേപ്പ് തൈകളെ വീണ്ടും നമ്മുടെ തൊടിയിലും നമ്മുടെ ദൈനദിന ജീവിതത്തിലേക്കും എത്തിക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത് .

# ഇഞ്ചി വിപ്ലവം

അർച്ചന വിമൻസ് സെന്ററിന്റെ നേതൃത്വത്തിൽ ഇടുക്കി റീജിയനിൽ സി എ ജി കളിലായി ഇഞ്ചി വിപ്ലവം നടത്തി. ഈ കൊറോണ കാലഘട്ടത്തിൽ മനുഷ്യന്റെ ദൈനംദിന ജീവിതത്തിൽ ഇഞ്ചിയുടെ ആവശ്യകത വർധിച്ചത് കണക്കിലെടുത്താണ് ‘‘തൊടിയിൽ ഒരു തടം ഇഞ്ചി’’ എന്ന വിപ്ലവത്തിനു തുടക്കം കുറിച്ചത്. സി എ ജി ഗ്രൂപ്പുകളിലെ 96 വനിത അംഗങ്ങൾ ഇഞ്ചി നടുകയും ഫോട്ടോ എടുത്തു അയച്ചുതരികയും ചെയ്തു.

# ജില്ലാ ഭരണകാര്യാലയങ്ങളിൽ കോവിഡ് അണു നശീകരണം നടത്തി



അർച്ചന വിമൻസ് സെന്ററിന്റെ നേതൃത്വത്തിൽ ഡിസൈൻഫെക്ഷന് ടീം അണു നശീകരണത്തിന്റെ ഭാഗമായി കോട്ടയം ജില്ലാ കളക്ടർ അഞ്ജന IAS ഒപ്പം

ഏറ്റുമാനൂർ : ഒബ്ലേറ്റ് മിഷനറീസ് ഓഫ് മേരി ഇമാക്കുലേറ്റിന്റെ സാമൂഹിക ക്ഷേമ വിഭാഗമായ അർച്ചന വിമൻസ് സെന്ററിന്റെ നേതൃത്വത്തിൽ അതിജീവനം 2021 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലയിലെ ആദ്യ വനിത കോവിഡ് ഡിസ് ഇൻഫെഷൻ ടീം ജില്ലാ പഞ്ചായത്ത് കാര്യാലയത്തിലും, കളക്ട്രേറ്റ് ഓഫീസിലും, എസ് പി ഓഫീസിലും അണുനശീകരണം നടത്തി. സെന്റർ ഡയറക്ടർ മിസ് ത്രേസ്യാമ്മ മാത്യുവിന്റെ അദ്ധ്യക്ഷതയിൽ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് നിർമ്മല ജിമ്മി ഉദ്ഘാടനം ചെയ്യുകയും പരമ്പരാഗതമല്ലാത്ത തൊഴിൽ മേഖലകളിൽ സ്ത്രീകളെ നൈപുണ്യമുള്ളവരാക്കി സ്ത്രീശാക്തീകരണത്തിന്റെ പുതിയ ഏടുകൾ സൃഷ്ടിക്കുകയാണ് അർച്ചന വിമൻസ് സെന്റർ എന്നും പറഞ്ഞു. ജില്ലാ പഞ്ചായത്ത് സെക്രട്ടറി സിജു തോമസ്, സെന്റർ പ്രോജക്ട് മാനേജർ പോൾസൺ കൊട്ടാരത്തിൽ, ടെക്നിക്കൽ മാനേജർ പി കെ ജയശ്രീ, ക്ലസ്റ്റർ കോ ഓർഡിനേറ്റർ ജെസ്റ്റിൻ പി തോമസ്, കമ്മ്യൂണിറ്റി ഓർഗനൈസർ കെ എസ് ഷീല തുടങ്ങിയവർ പ്രസംഗിച്ചു. സബിത കണ്ണൻ, ആഷാമോൾ ജയ്മോൻ, ബിന്ദുജ ജയൻ, പ്രിയസുബിൻ, എലിസബത്ത് ജോജോ, ജോയിസ് മാത്യു, ജിബിൻ ജോഷി തുടങ്ങിയവർ നേതൃത്വം നൽകി. വനിതകളുടെ കോവിഡ് ഡിസ് ഇൻഫെഷൻ ടീമിന് എക്സാത്ത് ആലപ്പുഴ ട്രെയിനിംഗ് സെന്റർ പരിശീലനം നൽകി. കോട്ടയം, ഇടുക്കി ജില്ലകളിലായി പതിനഞ്ചോളം അംഗങ്ങളാണ് പരിശീലനം പൂർത്തികരിക്കുന്നത്. കൊറോണ ബാധിത പ്രദേശങ്ങൾ അണുവിമുക്തമാക്കാൻ പ്രത്യേകിച്ചും സർക്കാർ ഓഫീസുകൾ, കെട്ടിടങ്ങൾ, വീടുകൾ, വാഹനങ്ങൾ എന്നിവിടങ്ങളിൽ അണുനശീകരണംചെയ്യുക എന്നതാണ് പദ്ധതി ലക്ഷ്യമാക്കുന്നത്.

# അർച്ചനയുടെ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ മാതൃകാപരം : മന്ത്രി റോഷി അഗസ്റ്റിൻ

ഏറ്റുമാനൂർ: ഒബ്ലേറ്റ്മിഷനറീസ് ഓഫ് മേരി ഇമാക്കുലേറ്റിന്റെ സാമൂഹികക്ഷേമവിഭാഗമായഅർച്ച വിമൻസ് സെന്ററിന്റെ നേതൃത്വത്തിൽ ലോകപരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് 'പച്ചപ്പ് 2021' പദ്ധതിയുടെ ഉദ്ഘാടനം ബഹു. കേരള ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ നിർവ്വഹിച്ചു. അർച്ചനയുടെ പരിസ്ഥിതി സരക്ഷണ പ്രവർത്തനങ്ങൾമാതൃകാപരം എന്ന് പറഞ്ഞു.

ഗൂഗിൾ പ്ലാറ്റ് ഫോമിലൂടെ സംഘടിപ്പിച്ച ഉദ്ഘാടന പരിപാടിയിൽ സെന്റർ ഡയറക്ടർ മിസ് ത്രേസ്യാമ്മ മാത്യു അദ്ധ്യക്ഷത വഹിച്ചു. സെന്റർ അസി. ഡയറക്ടർ മിസ് ആനി ജോസഫ്, പ്രോജക്ട് മാനേജർ പോൾസൺ കൊട്ടാരത്തിൽ, സീനിയർ പ്രോഗ്രാം ഓഫീസർ ഷൈനി ജേഷി, റീജിയൺ ലീഡർ റ്റീനു ഫ്രാൻസീസ്, കമ്മ്യൂണിറ്റി ഓർഗനൈസർമാരായ കെ.എസ് ഷീല, അമല മാത്യു തുടങ്ങിയവർ പ്രസംഗിച്ചു. ദിനാചരണത്തിന്റെ ഭാഗമായി പരിസ്ഥിതി സൗഹൃദ സദസിന് സ്റ്റേറ്റ് ശുചിത്വ മിഷൻ മുൻ മൊബിലൈസേഷൻ വിദഗ്ധൻ ജോഷി വർഗീസ് നേതൃത്വം നൽകി.'പച്ചപ്പ്2021'പദ്ധതിയുടെ ഭാഗമായി മുവായിരത്തോളം അംഗങ്ങളുടെ നതൃത്വത്തിൽ ഹരിത ഭവനം, പരിസ്ഥിതി സൗഹൃദ ബോധവത്കരണ സദസ്, പ്രസംഗമത്സരം, കവിതാപാരായണം, ക്വിസ്മത്സരം, ചിത്രരചന മത്സരം തുടങ്ങിയവ സംഘടിപ്പിച്ചു..






# നഗരസഭാസാമൂഹിക അടുക്കളയ്ക്ക് കൈത്താങ്ങായി അർച്ചന...

ഏറ്റുമാനൂർ: ഒബ്ലേറ്റ് മിഷനറീസ് ഓഫ് മേരി ഇമാക്കുലേറ്റിന്റെ സാമൂഹിക ക്ഷേമവിഭാഗമായ അർച്ചന വിമൻസ് സെന്ററിന്റെ നേതൃത്വത്തിൽ അതിജീവനം 2021 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഏറ്റുമാനൂർ നഗരസഭ സാമൂഹിക അടുക്കളയിലേക്ക് അർച്ചന വിമൻസ് സെന്റർ ഡയറക്ടർ മിസ് ത്രേസ്യാമ്മമാത്യു 500 കിലോ അരി നൽകി. നഗരസഭ സാമൂഹിക അടുക്കളയിൽ നിന്ന് ഒരോദിവസവും അഞ്ഞൂറിൽപരം കോവിഡ് രോഗികൾക്കും നിർധനരായവർക്കും ഭക്ഷണം നൽകുന്നത് എന്നും അർച്ചനയുടെ പ്രവർത്തനങ്ങൾ അത്യന്തം ശ്ലാഘനിയമാണെന്ന് നഗരസഭ അദ്ധ്യക്ഷ ലൗലി ജോർജ് പറഞ്ഞു . പൊതുമരാമത്ത് സ്റ്റാൻറ്റിങ്ങ് കമ്മറ്റി ചെയർമാൻ വി എസ് വിശ്വനാഥൻ, ക്ഷേമകാര്യ സ്റ്റാൻന്റിങ്ങ് കമ്മറ്റി ചെയർപേഴ്സൺ വിജി ചാവറ, ആരോഗ്യ സ്റ്റാൻന്റിങ്ങ് കമ്മറ്റി ചെയർപ്പേഴ്സൺ സുനിതാ ബിനീഷ്, വികസനകാര്യ സ്റ്റാൻന്റിങ്ങ് കമ്മറ്റി ചെയർപേഴ്സൺ അജിത ഷാജി, വിദ്യഭ്യാസ സ്റ്റാൻന്റിങ്ങ് കമ്മറ്റി ചെയർപേഴ്സൺ ഡോ. എസ് ബീന, കൗൺസിലർ സിബി ചിറയിൽ, സെന്റർ അസിഡയറക്ടർ മിസ് ആനി ജോസഫ്,ടെക്നിക്കൽമാനേജർ പി.കെ ജയശ്രീ, കമ്മ്യൂണിറ്റി ഓർഗനൈസർ സതീഷ്കുമാർ തുടങ്ങിയവർ സംസാരിച്ചു.



അർച്ചന വിമൻസ് സെന്റർ സാമൂഹ്യ അടുക്കളയിലേക്ക് അരി വിതരണം ഡയറക്ടർ മിസ് ത്രേസ്യാമ്മ മാത്യു ഉദ്ഘാടനം ചെയ്യുന്നു










or J

